വഴിവെളിച്ചം

# വൃദ്ധ മാതാപിതാക്കൾ

عَن عَبْدُ اللَّهِ بْنِ عَمرُوبْن الْعَاص رَضِي اللَّهُ عَنْهُمَا قَالَ: أَقْبَلَ رَجُلٌ إِلَى النَّبِيِّ ﷺ ، فَقَالَ : أُبَايِعُكَ عَلَى الْهِجْرَةِ وَالْجِهَادِ. أَبْتَغِي الأَجْرَ مِنَ اللَّهِ عَزَّوَجَلَّ قَالَ: فَهَلْ مِنْ وَالِدَيْكَ أَحَدٌ حَيّ قَالَ: نَعَمْ ، بَلْ كِلَاهُمَا. قَالَ فَتَبْتَغِي الأَجْرَ مِنَ اللَّهِ عَزَّوَجَلَّ قَالَ : نَعَمْ قَالَ فَارْجِعْ إِلَى وَالِدَيْكَ فَأَحْسِنْ صُحْبَتَهمَا.

**അബ്ദുല്ലാഹിബ്നു അംറിബ്നിൽ ആസ്(റ) നിവേദനം: ഒരാൾ പ്രവാചകനെ സമീപിച്ചു പറഞ്ഞു: "അല്ലാഹുവിന്റെ അനുഗ്രഹം കാംക്ഷിച്ചു നാടുവിട്ടു ധർമ സമരത്തിനായി ആത്മ സമർപ്പണം നടത്താമെന്ന് ഞാൻ അങ്ങയോട് പ്രതിജ്ഞ ചെയ്യുന്നു." നബി(സ) ചോദിച്ചു: "നിന്റെ മാതാപിതാക്കളിൽ ആരെങ്കിലും ജീവിച്ചിരിപ്പുണ്ടോ?" അദ്ദേഹം പ്രതിവചിച്ചു: "ഉണ്ട്, രണ്ടുപേരും ജീവിച്ചിരിപ്പുണ്ട്." നബി(സ) ചോദിച്ചു: "അല്ലാഹുവിന്റെ പ്രീതിയല്ലേ നിനക്കാവശ്യം?" അയാൾ: "അതെ." പ്രവാചകൻ: "എന്നാൽ നിന്റെ മാതാപിതാക്കളുടെ അടുത്തേക്ക് പോവുക. അവരോടുള്ള സഹവാസം നന്നാക്കുക" (മുസ്ലിം).**

**വൃദ്ധരായ** മാതാപിതാക്കളെ പരിചരിക്കുന്നതും അവരുമായി സഹവസിക്കുന്നതുമാണ്, പോർക്കളത്തിലെ പോരാട്ടത്തെക്കാൾ പവിത്രമെന്ന് പഠിപ്പിക്കുന്ന തിരുവചനമാണിത്.

വാത്സല്യത്തോടെ വളർത്തി വലുതാക്കിയ വൃദ്ധ മാതാക്കൾ മക്കളെ സംബന്ധിച്ചേടത്തോളം ഒരു ദൈവിക പരീക്ഷണമാണ്. വാർധക്യമെത്തുമ്പോൾ, അവരെ തിരിഞ്ഞുനോക്കാതെ തിരസ്കരിക്കരുത്. ദൈവകോപം ക്ഷണിച്ചു വരുത്തലാണത്. മക്കൾ സ്വർഗാവകാശികളോ നരകാവകാശികളോ എന്ന് തീരുമാനിക്കുന്നത് ഇവിടെയാണ്.

ഒരാൾ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, മകന് മതാപിതാക്കളോടുള്ള കടപ്പാട് എന്താണ്?" നബി(സ) പറഞ്ഞു: "അവർ രണ്ടുപേരും നിന്റെ സ്വർഗവും നരകവുമാണ്."

'നരച്ച തലയെ' ബഹുമാനിക്കുക എന്നത് സർവ മതങ്ങളും പ്രാധാന്യത്തോടെ പ്രഘോഷിക്കുന്നുണ്ടെങ്കിലും ഇസ്ലാം ഈ കാര്യത്തിൽ വളരെ മുന്നിലാണ്. ഇബാദത്ത് അല്ലാഹുവിന് മാത്ര

മായിരിക്കണമെന്ന മൗലിക ബാധ്യത കഴിഞ്ഞാൽ, തൊട്ടുടനെ മതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നാണ് ഖുർആൻ അനുശാസിക്കുന്നത്.

അല്ലാഹു പറയുന്നു: "നിന്റെ നാഥൻ ഇങ്ങനെ വിധിച്ചു: അവനെ മാത്രം നിങ്ങൾ ആരാധിക്കുക, മാതാപിതാക്കളോട് നന്മ ചെയ്യുക. അവരിൽ ഒരാളോ, ഇരുവരുമോ വാർധക്യം പ്രാപിച്ചാൽ, വെറുപ്പിന്റെ വാക്ക് നീ അവരോട് പറയരുത്. അവരോട് കയർക്കരുത്. ആദരപൂർവം അവരോട് സംസാരിക്കുക. കാരുണ്യത്തിന്റെ ചിറകുകൾ വിനയപൂർവം നീ അവർക്ക് താഴ്ത്തിക്കൊടുക്കുക. "എന്റെ നാഥാ, കുഞ്ഞായിരിക്കുമ്പോൾ അവർ എന്നെ വളർത്തിയതുപോലെ അവർ രണ്ടുപേരോടും നീ കരുണ കാട്ടേണമേ" എന്ന് പ്രാർഥിക്കുകയും ചെയ്യുക.' (*അൽ ഇസ്റാഅ്* 17: 23,24).

മക്കളുടെ മനസ്സുകളിൽ സ്വന്തം മാതാപിതാക്കളോട്, കാരുണ്യത്തിന്റെയും അനുകമ്പയുടെയും തീവ്രവികാരം അങ്കുരിപ്പിക്കുകയാണ് ഖുർആൻ. ഒരിക്കലും മക്കളിൽനിന്ന് മാതാപിതാക്കൾക്ക് നിന്ദ്യമായ പെരുമാറ്റം ഉണ്ടാവരുത്. അവരോടുള്ള സമീപനം ക്ഷമയോടെയായിരിക്കണം. അവരോടു കയർക്കുകയോ വെറുപ്പിന്റെ വാക്കുകൾ ഉരിയാടുകയോ അരുത്.

അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: നബി(സ) പറഞ്ഞു: "അവൻ നിന്ദ്യനാകട്ടെ, വീണ്ടും അവൻ നിന്ദ്യനാകട്ടെ." "അല്ലാഹുവിന്റെ ദൂതരെ, ആരാണത്?" എന്ന് ആരോ ചോദിച്ചു. നബി(സ) പ്രതിവചിച്ചു: "വാർധക്യം ബാധിച്ച മാതാപിതാക്കളെയോ അവരിൽ ഒരാളെയോ ലഭിച്ചിട്ടും, സ്വർഗത്തിൽ പ്രവേശിക്കാത്തവൻ" (മുസ്‌ലിം).

നമുക്ക് ജന്മം നൽകിയവർ, നിലത്തുവെച്ചാൽ ഉറുമ്പരിക്കും തലയിൽ വെച്ചാൽ പേനരിക്കും എന്ന നിലയിൽ സ്നേഹവും വാത്സല്യവും വാരിക്കോരി നൽകിയവർ. നമുക്ക് വേണ്ടി ഉറക്കമൊഴിച്ചവർ, വാർധക്യം വരെ വിയർപ്പൊഴുക്കിയവർ, ഭാസുരമായ ഭാവിക്ക് വേണ്ടി സകലതും ത്യജിച്ചവർ, വയസുകാലത്ത് മക്കളുടെ സ്നേഹവും സാമീപ്യവും കൊതിക്കുമ്പോൾ, അത് നൽകാതെ തിരിഞ്ഞു നടക്കുന്നവർ ഇഹത്തിലും പരത്തിലും ദൈവകോപം മാത്രമേ ക്ഷണിച്ചു വരുത്തൂ. ■

**അബ്ദുൽജബ്ബാർ കൂരാരി**